I/125485/2023

**"ഭരണഭാഷ – മാതൃഭാഷ"**

DWCD/6307/2023-ICDSB2

വനിതശിശു വികസന ഡയറക്ടറുടെ
കാര്യാലയം
പൂജപ്പുര , തിരുവനന്തപുരം
തീയതി :09-11-2023
Email -wcdicdsb2@gmail.com
Phone : 0471 – 2346534

**<u>സർക്കുലർ</u>**

വിഷയം: വനിത ശിശു വികസന വകുപ്പ് - നവംബർ 14 ശിശുദിനഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത് -സംബന്ധിച്ച്.

സൂചന:

സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ(ചാച്ചാജി) ജന്മദിനമായ നവംബർ 14 ശിശുദിനം ആയി ആചരിച്ചു വരുന്നു. എല്ലാ വർഷങ്ങളിലെയും പോലെ വൈവിധ്യമാർന്ന പരിപാടികളോടെ ഈ വർഷവും അങ്കണവാടി തലത്തിൽ ശിശുദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട് .

ചുവടെ പറയുന്ന നിർദേശങ്ങൾ പ്രകാരം ഈ വർഷത്തെ ശിശുദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ് .

- ALMSC യോഗം ചേർന്ന് ശിശുദിനഘോഷപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.
- **ശിശുദിനം** തീം പ്രകാരമുള്ള എല്ലാ പ്രീസ്കൂൾ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.
- അങ്കണവാടി പരിസരത്ത് കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കി ശിശു ദിന റാലി സംഘടിപ്പിക്കേണ്ടതാണ്.
- കുട്ടികളുടെ കലാപരിപാടികൾ , കുട്ടികൾക്കായുള്ള ചിത്രരചന തുടങ്ങിയവ നടത്താവുന്നതാണ്.

ശിശുദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ALMSCയുടെ പങ്കാളിത്തത്തോടെയും പൊതുപ്രവർത്തകരുടെയും, ബന്ധപെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കുമാരി ക്ലബ് അംഗങ്ങളുടെയും സഹായസഹകരണത്തോടെ സംഘടിപ്പിക്കേണ്ടതാണ് .ടി സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ ,ശിശുവികസനപദ്ധതി ഓഫീസർമാർ ,സൂപ്പർവൈസർമാർ എന്നിവർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ് .

ശിശുദിനാഘോഷ പരിപാടികളുടെ ജില്ലാതലത്തിലുള്ള ക്രോഡീകരിച്ച റിപ്പോർട്ട് നവംബർ 25 നകം wcdicdsb2@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ എല്ലാ പ്രോഗ്രാം ഓഫീസർമാരും ലഭ്യമാക്കേണ്ടതാണ്.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

**Signed by Afsana Perween Ias**
**Date: 09-11-2023 13:25:46**

വനിതശിശു വികസന ഡയറക്ടർ

<u>പകർപ്പ്</u>

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും